DESPATCHED
On. 17/12/21

04/12/21



**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
**ഫോൺ: 0471 2561603, ഫാക്സ്: 0471 2330920**
**E-mail: sic.ker@nic.in**

**ഹർജി നമ്പർ AP No.1845(4)/*2020/എസ്.ഐ.സി.***

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.11036/*എസ്.ഐ.സി-ജി 2/2020*)**

**ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

(തീയതി: 04-12-2021)

ശ്രീ. സുരാജ്.ആർ.എസ്,
രേവതി ഹൗസ്,
കടക്കരപ്പള്ളി പി.ഒ, ചേർത്തല
ആലപ്പുഴ- 688 529

അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
കേരള പോലീസ് ഹെഡ് ക്വാർട്ടേഴ്സ്,
ശാസ്തമംഗലം പി.ഒ, തിരുവനന്തപുരം

2. അപ്പീൽ അധികാരി &
പോലീസ് സൂപ്രണ്ട് (എൻ.ആർ.ഐ.സെൽ)
കേരള പോലീസ് ഹെഡ് ക്വാർട്ടേഴ്സ്,
ശാസ്തമംഗലം പി.ഒ, തിരുവനന്തപുരം

എതിർകക്ഷികൾ

**ഉത്തരവ്**

ടി അപ്പീൽ ഹർജിയിൽ കമ്മീഷൻ 30-09-2021 ൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നതാണ്.

2. ഒന്നാം എതിർകക്ഷിയുടെ ഓഫീസിലെ L,E സെക്ഷനുകളിലെ ജൂനിയർ സൂപ്രണ്ടുമാരിൽ നിന്നും യഥാസമയം വിവരങ്ങൾ ലഭിക്കാതിരുന്നതാണ് മറുപടി

നൽകുന്നതിൽ കാലതാമസം ഉണ്ടാക്കിയത് എന്നും, ഒന്നാം എതിർകക്ഷി ഹിയറിംഗിൽ പറഞ്ഞിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പോലീസ് ഹെഡ് ക്വാർട്ടേഴ്സ് L,E സെക്ഷനുകളിലെ ജൂനിയർ സൂപ്രണ്ടുമാർ ബന്ധപ്പെട്ട ഫയലുകളും, രേഖകളുമായി 07-10-2021 ൽ കമ്മീഷൻ മുമ്പാകെ നേരിട്ട് ഹാജരാകണം എന്നായിരുന്നു ഈ ഉത്തരവിൽ പറഞ്ഞിരുന്നത്.

3. ഇതനുസരിച്ച് പോലീസ് ഹെഡ് ക്വാർട്ടേഴ്സിലെ L,E സെക്ഷനുകളിലെ ജൂനിയർ സൂപ്രണ്ടുമാരായ യഥാക്രമം രാംകുമാർ.എൻ.എസ്, സന്തോഷ് കുമാർ.ഇ എന്നിവർ ബന്ധപ്പെട്ട ഫയലുകളുമായി 07-10-2021 ൽ കമ്മീഷൻ മുമ്പാകെ ഹാജരായി.

4. കോവിഡ് പ്രശ്നം കാരണം സമയബന്ധിതമായി മറുപടി നൽകാൻ കഴിഞ്ഞില്ല എന്ന് കക്ഷികൾ ആമുഖമായി പറഞ്ഞു. കെ.എ.പി ഒന്നു മുതൽ അഞ്ചു വരെ, എം.എസ്.പി, എസ്.എ.പി, വനിതാ ബറ്റാലിയനുകൾ എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്ന ഒഴിവുകൾ സമാഹരിക്കുക ആണ് പോലീസ് ഹെഡ് ക്വാർട്ടേഴ്സിൽ ചെയ്യുന്നത് എന്നും, എല്ലാ മാസത്തിലെയും ഒന്നാം തീയ്യതിയാണ് വിവിധ ബറ്റാലിയനുകളിൽ നിന്ന് പോലീസ് ഹെഡ് ക്വാർട്ടേഴ്സിലേക്ക് ഒഴിവ് റിപ്പോർട്ട് ചെയ്യുന്നത് എന്ന് കക്ഷികൾ പറഞ്ഞു. 2021 ഡിസംബർ വരെയുള്ള ഒഴിവുകൾ ഇപ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 29-01-2021 ൽ E ബ്രാഞ്ചിൽ നിന്നും ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ 30-01-2021 ന് എസ്.പി.ഐ.ഒ മറുപടി നൽകി. "E" സെക്ഷനിലേക്ക് അപ്പീൽ അധികാരി തന്നെ 3 തവണ നോട്ട് കൊടുത്തതിനു ശേഷമാണ് E സെക്ഷൻ മറുപടി നൽകിയത്. 5-ാം മത്തെ ചോദ്യത്തിന് ഇപ്പോഴും ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല എന്നാണ് ഒന്നാം എതിർകക്ഷി മറുപടി നൽകിയിരിക്കുന്നത്. L,E സെക്ഷനുകളിലെ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ നിന്നും കമ്മീഷൻ മനസ്സിലാക്കുന്നത് L,E സെക്ഷനുകളിലെ സൂപ്രണ്ടുമാർ ഒന്നാം

അപ്പീൽ അധികാരിയുടെ ആവർത്തിച്ചുള്ള നിർദ്ദേശം പോലും പാലിച്ചിട്ടില്ല എന്നാണ്. പിന്നീട് കമ്മീഷന്റെ നോട്ടീസ് ലഭിച്ചതിനു ശേഷമാണ് ഇല്ല എന്ന മറുപടി നൽകിയത്.

5. ഇത്തരത്തിൽ നിരുത്തരവാദപരമായി പ്രവർത്തിച്ച പോലീസ് ഹെഡ് ക്വാർട്ടേഴ്സിലെ L,E സെക്ഷനുകളിലെ ജൂനിയർ സൂപ്രണ്ടുമാരായ ശ്രീ. രാംകുമാർ.എൻ.എസ്, ശ്രീ. സന്തോഷ് കുമാർ.ഇ എന്നിവരെ വിവരാവകാശ നിയമം 5(4) വകുപ്പ് അനുസരിച്ച് കല്പിത എസ്.പി.ഐ.ഒ മാരായി കണക്കാക്കി ശിക്ഷിക്കാൻ കമ്മീഷൻ തീരുമാനിക്കുന്നു. ശിക്ഷ ഏർപ്പെടുത്താതിരിക്കാൻ കാരണങ്ങൾ ഉണ്ടെങ്കിൽ, ആയത് ഉത്തരവ് കൈപ്പറ്റി ഒരാഴ്ചക്കുള്ളിൽ കമ്മീഷനെ നേരിട്ടോ, രേഖാമൂലമോ അറിയിക്കേണ്ടതാണ്. മേൽ പറഞ്ഞ കാലയളവിനുള്ളിൽ വിശദീകരണം ഒന്നും ലഭിക്കുന്നില്ലയെങ്കിൽ ടി കക്ഷികൾക്ക് ഇക്കാര്യത്തിൽ കൂടുതൽ ഒന്നും ബോധിപ്പിക്കാനില്ല എന്ന് നിഗമനത്തിൽ കമ്മീഷൻ തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കും.

6. മേൽ പറഞ്ഞ പ്രകാരം അപ്പീൽ ഹർജിയിൽ മേൽ ഇന്നേ ദിവസം ഡിസംബർ 4, 2021 ന് കമ്മീഷൻ താല്ക്കാലിക ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

pre